# മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ഓഫ് ദി സൗത്ത് ഇന്ത്യ
# അസംബ്ളീസ് ഓഫ് ഗോഡ് (SIAG)
# അഡ്വാൻസ്ഡ് മിനിസ്റ്റീരിയൽ ട്രെയിനിംഗ് കോഴ്സ് (AMTC) - ലെവൽ - 1

അസംബ്ളീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റിന്റെ നേതൃത്വത്തിൽ അഡ്വാൻസ്ഡ് മിനിസ്റ്റീരിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (AMTI) നടത്തുന്ന പഞ്ചദിന ഇന്റൻസീവ് ട്രെയിനിംഗ് കോഴ്സ് 2023 ഏപ്രിൽ 17 മുതൽ 2023 നവംബർ 24-ാം തീയതി വരെ കുമളിക്കടുത്തുള്ള അണക്കരയിലെ ഹൈറേഞ്ച് ട്രിനിറ്റി ബൈബിൾ കോളേജിൽ (HTBC) വച്ച് നടത്തപ്പെട്ടു. 17 ബാച്ചുകളിലായി 34 പ്രിസ്ബിറ്റർമാരടക്കം 508 പാസ്റ്റർമാർ ട്രെയിനിംഗിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റുകൾ സ്വന്തമാക്കി. റവ. റ്റി.ജെ. ശാമുവേൽ, ഡോ. ഐസക് വി. മാത്യു, ഡോ. കെ.ജെ. മാത്യു, റവ. തോമസ് ഫിലിപ്പ്, റവ. ഫിന്നി ജോർജ്, ഡോ. സന്തോഷ് ജോൺ, ഡോ. കെ. നന്നു, റവ. നിറ്റ്സൺ കെ. വർഗീസ്, റവ. റ്റി.എ. വർഗീസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. താഴെപ്പറയുന്ന വിഷയങ്ങളെ അധികരിച്ചാണ് ക്ലാസ്സുകൾ നടന്നത്.

1. ഇടയശുശ്രൂഷ 2. പാസ്റ്ററുടെ വ്യക്തിത്വവും ശുശ്രൂഷാതലങ്ങളും 3. ക്വയറ്റ് ടൈം 4. ടൈം & റിസോഴ്സസ് മാനേജ്മെന്റ് 5. പാസ്റ്ററൽ ഫോർമേഷൻ 6. ശുശ്രൂഷകന്റെ കുടുംബ പരിപാലനം 7. ഹെൽത്ത് & ഫിനാൻസ് മാനേജ്മെന്റ് 8. ലോക്കൽ ചർച്ച് അഡ്മിനിസ്ട്രേഷൻ 9. മോഡേൺ ട്രെൻഡ്സ് ഇൻ ഫാമിലി സിസ്റ്റം 10. കുടുംബത്തിന്റെ വേദപുസ്തക അടിസ്ഥാനങ്ങൾ 11. ഉത്തരാധുനികതയുടെ വെല്ലുവിളികളും ക്രിസ്തീയ പ്രതികരണങ്ങളും 12. ന്യൂജനറേഷൻ സഭകൾ 13. ധാർമ്മിക അരാജകത്വം 14. ഇലക്ട്രോണിക് മീഡിയയുടെ സ്വാധീനം 15. ലഹരി ആസക്തി 16. ഇൻഫർമേഷൻ ടെക്നോളജിയുടെ വെല്ലുവിളികൾ 17. ദുരുപദേശങ്ങൾ, ഇടത്തൂടുകൾ 18. നാമധേയ ക്രിസ്ത്യാനിത്വം 19. സമൃദ്ധിയുടെ ദൈവശാസ്ത്രം 20. പ്രസംഗ ശാസ്ത്രം-ആധുനിക സമീപനങ്ങൾ 21. അഞ്ചുവിധ ശുശ്രൂഷകൾ (എഫെ 4:11) 22. വൈവിദ്ധ്യമാർന്ന ശുശ്രൂഷകൾ 23. കൗൺസിലിംഗ് സ്കിൽസ് & പാസ്റ്ററൽ കൗൺസിലിംഗ് 24. പാസ്റ്ററൽ കെയർ 25. കൗൺസിലിംഗിലെ ആധുനിക സമീപനങ്ങൾ 26. സഭാപരിപാലനം 27. ക്രിസ്തീയ നേതൃത്വ പഠനങ്ങൾ 28. പ്രാദേശിക സഭാ സ്ഥാപനവും വെല്ലുവിളികളും 29. സഭാ വളർച്ചാ പഠനം (ചർച്ച് ഗ്രോത്ത്) 30. സഭയുടെ പുത്രികാ സംഘടനകളുടെ പുനരുജ്ജീവനം 31. മിഷൻ & ഇവാഞ്ചലിസം-വേദപുസ്തക സമീപനങ്ങൾ 32. വ്യാഖ്യാന ശാസ്ത്രം - നൂതനമായ സമീപനങ്ങൾ 33. പാസ്റ്ററൽ ഐഡന്റിറ്റി 34. ആത്മീക കൃപാവരങ്ങളും ആത്മീക ശുശ്രൂഷകളും 35. ആത്മീയ പോരാട്ടം 36. കാലികമായ ഇടയ ശുശ്രൂഷാ രീതികൾ 37. സഭാ വിജ്ഞാനീയം 38. ക്രിസ്തീയ കാര്യവിചാരകത്വം 39. സുവിശേഷീകരണത്തിന്റെ വെല്ലുവിളികൾ 40. പരിശുദ്ധാത്മ വിജ്ഞാനീയം.

എ.ജി. മലയാളം ഡിസ്ട്രിക്റ്റിന്റെ ഔദ്യോഗിക കോഴ്സ് സർട്ടിഫിക്കറ്റുകൾ ട്രെയിനിംഗ് പൂർത്തിയായവർക്ക് നൽകി. ഇടയശുശ്രൂഷയുടെ പുനരുജ്ജീവനത്തെപ്പറ്റി ഉത്തമമായ ബോദ്ധ്യം ലഭിക്കുവാനും ശുശ്രൂഷാ സാഹചര്യങ്ങളുടെ വെല്ലുവിളികളെ തിരിച്ചറിയുവാനും ഈ കോഴ്സ് വളരെയധികം സഹായകരമായിരുന്നു എന്ന് പങ്കെടുത്ത എല്ലാ പാസ്റ്റർമാരും സാക്ഷ്യം പറഞ്ഞു. വർഷിപ്പ് സെഷനുകൾ, ഗാന പരിശീലനം, വചനധ്യാനം, അരുവിക്കര വ്യൂ പോയിന്റ് ഔട്ടിങ്ങ്, വിനോദസമയം, പ്രായോഗിക വർക്ക് ഷോപ്പുകൾ, ഇന്റർ ആക്ടീവ് സെഷനുകൾ, മദ്ധ്യസ്ഥപ്രാർത്ഥന, കാത്തിരിപ്പ് സെഷനുകൾ, പാസ്റ്ററൽ കൺസേൺസിന്റെ പങ്കിടൽ എന്നിവ ഈ ട്രെയിനിംഗ് കോഴ്സിൽ പങ്കെടുത്ത ഏവർക്കും പ്രയോജനകരമായിരുന്നു. ഇനിയും എ.ജി. മലയാളം ഡിസ്ട്രിക്ടിൽ അവശേഷിക്കുന്ന എല്ലാ പാസ്റ്റർമാരും പ്രിസ്ബിറ്റർമാരും ബൈബിൾ കോളജ് അധ്യാപകരും തുടർന്നു നടക്കുന്ന ട്രെയിനിംഗ് ബാച്ചുകളിൽ പങ്കെടുക്കുവാൻ സ്നേഹത്തോടെ ഓർപ്പിക്കുന്നു. 1250 രൂപയാണ് കോഴ്സ് രജിസ്ട്രേഷൻ ഫീസ്. ദൈവമനുവദിച്ചാൽ 2024 ഏപ്രിൽ 7-ാം തീയതി മുതൽ ആരംഭിക്കുന്ന തുടർമാനമായ ലെവൽ-1 ബാച്ചുകളിലേക്ക് AMTI ഡയറക്ടർ റവ. റ്റി.എ. വർഗീസുമായി ബന്ധപ്പെട്ട് അഡ്മിഷൻ ഉറപ്പാക്കുവാൻ ക്രിസ്തുവിന്റെ നാമത്തിൽ ഏവരേയും ഉത്സാഹിപ്പിക്കുന്നു.

ക്രിസ്തുവിന്റെ ശുശ്രൂഷയിൽ,

**റവ. റ്റി. എ. വർഗീസ്, ഡയറക്ടർ, എ.എം.റ്റി.ഐ.**

**Mob & WhatsApp: 9947077129, 9778420306 (Mob)**